ഒരു വണ്ടി എന്ന രീതിയിൽ ടെയീനുകൾ വിഭാവന ചെയ്യാവുന്നതാണ്. അങ്ങനെ വന്നാൽ കേരളത്തിലെ റോഡപകടങ്ങളും പൊല്യൂഷനും കുറയ്ക്കാൻ കഴിയും. യാത്രക്കാർക്ക് സൗകര്യവും സാമ്പത്തികമായി ലാഭവുമുണ്ടാകും. അതുകൊണ്ട് കേരളത്തിന്റെ ഒരു മുൻഗണനാ പദ്ധതിയായി ഹൈസ്പീഡ് റെയിൽവേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് മറുപടി പിന്നീട് പറയാം. സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നു.

10.30 a.m.]

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ച് സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നു നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 9.40-ന് ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികൾ നിർത്തിവച്ചു)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.40-ന് നിർത്തിവച്ച സഭ 10.32-ന് വീണ്ടും സമ്മേളിക്കുകയുണ്ടായി.)

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... സഭ നടത്തിക്കൊണ്ടുപോകാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് നിർത്തിവച്ചത്. ഭരണകക്ഷിയുമായും പ്രതിപക്ഷവുമായും സംസാരിച്ച് യോജിച്ച ഒരു തീരുമാനത്തിൽ എത്താൻ കഴിഞ്ഞില്ല. സഭ സാമാധാനപരമായി നടത്തിക്കൊണ്ടുപോകാൻ ഇരുഭാഗത്തുനിന്നും സഹകരിക്കണമെന്ന് ചെയർ വീണ്ടും അഭ്യർത്ഥിക്കുകയാണ്. അടിയന്തര പ്രമേയത്തിന്റെ സമയം കഴിഞ്ഞു. ഒരു ശ്രദ്ധക്ഷണിക്കലും അവതരിപ്പിച്ചുകഴിഞ്ഞു. ബാക്കി സഭാനടപടികൾ നടത്തിക്കൊണ്ടുപോകുക എന്നത് മാത്രമാണ് ചെയറിന്റെ മുന്നിലുള്ള വിഷയം.

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തരപ്രമേയത്തിന്റെ നടപടി അങ്ങ് റദ്ദാക്കി, ഞങ്ങളുടെ പ്രതിഷേധത്തെ വകവയ്ക്കാതെ അടുത്ത നടപടിയിലേയ്ക്കും അങ്ങ് കടന്നു. എന്നിട്ടും ഞങ്ങൾ ക്ഷമയോടുകൂടി കാത്തിരുന്നു. ഇതിനെപ്പറ്റി ഒരു പുനരാലോചന നടത്തുമെന്നായിരുന്നു ഞങ്ങൾ വിചാരിച്ചിരുന്നത്. അടിയന്തരപ്രമേയം റൂൾ 50 ആണെന്ന് അങ്ങേയ്ക്കറിയാം. അത് പ്രതിപക്ഷത്തിനുള്ളതാണ്. അങ്ങ് അത് നിഷേധിക്കുന്നതിന് ഒരു കാരണവുമില്ല. വിചാരണയുടെ പേരിൽ .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, അത് കഴിഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പറയാവുന്നതാണ്. ..... (ബഹളം) .....

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. പി. പി. തങ്കച്ചൻ..... (ബഹളം) .....

മി. സ്പീക്കർ: ആ വിഷയം ഇനിയും സഭയിൽ ഉന്നയിക്കാൻ ശ്രമിക്കുന്നത് ശരിയല്ല.

ശ്രീ. സി. ദിവാകരൻ: (മൈക്ക് ഓഫ്) സർ, പ്രതിപക്ഷത്തിന് പറയാനുള്ളത് പിന്നെ എവിടെയാണ് പറയേണ്ടത്; ഇത് ജനാധിപത്യവിരുദ്ധമാണ്..... (ബഹളം).....

മി. സ്പീക്കർ: അത് സാധ്യമല്ല. ചെയർ വളരെ വ്യക്തമായി പറഞ്ഞു. അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതി നിഷേധിച്ചു അതിനുശേഷം ശ്രദ്ധക്ഷണിക്കലിലേയ്ക്കും കടന്നു.....(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പറയാവുന്നതാണ്.

ശ്രീ. സി. ദിവാകരൻ: (മൈക്ക് ഓഫ്) സർ, പ്രതിപക്ഷാംഗങ്ങൾക്ക് സംസാരിക്കാൻ അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണ്.....(ബഹളം).....

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം ഒന്നടങ്കം സഭയിൽ നിന്ന് പുറത്തുപോകുകയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. ബെന്നി ബെഹനാൻ ഇവിടെ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ വളരെ പ്രാധാന്യമുള്ള ഒന്നാണ്. പക്ഷെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പല തർക്കങ്ങളും വന്നതുകൊണ്ട് ഇടയ്ക്ക് അത് നിർത്തിവച്ചു. ഹൈസ്പീഡ് റെയിൽ കോറിഡോർ എന്നുള്ളത് നമുക്ക് ആവശ്യമാണ്. അതേസമയം സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരു പൊതു ധാരണയുണ്ടാകണം എന്നുള്ളതാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് ജനങ്ങളുടെ മനസ്സിൽ വലിയ ആശങ്കകളും സംശയങ്ങളും ഉണ്ടായിട്ടുണ്ട്. ആ സംശയങ്ങളും ആശങ്കകളും അകറ്റിക്കൊണ്ട് നടപ്പിലാക്കണമെന്നുള്ള ഒരു ഉദ്ദേശമാണുള്ളത്. അതിനെക്കുറിച്ചുള്ള